V നിയമനിർമ്മാണകാര്യം

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം (ചർച്ച തുടർച്ച)

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, ഈ ബില്ലിനെ സംബന്ധിച്ച് രണ്ട് പക്ഷത്തുള്ളവരും സംസാരിക്കുകയുണ്ടായി. രണ്ടു കൂട്ടരും ഇതിനെ സ്വാഗതം ചെയ്യുകയാണ്. പ്രത്യേകിച്ച് എതിർപ്പൊന്നും കാണുന്നില്ല. പിന്നെ ഈ ബില്ലിന്റെ മറവിൽ തെറ്റായ അർത്ഥത്തിൽ എന്തെങ്കിലും കാര്യം നടക്കുമോയെന്ന ആശങ്ക ഇവിടെ മെമ്പർമാർ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട പി. എസ്. സുപാൽ ഇതിന്റെ പേരിൽ മറ്റ് മരങ്ങൾ മുറിക്കപ്പെട്ട് വനംകൊള്ള നടക്കുമോ എന്നൊക്കെ ചോദിച്ചു. ഒരിക്കലും ഒരു കാരണവശാലും അതുണ്ടാകില്ല. ഇത് വീട്ടുവളപ്പിൽ നിൽക്കുന്ന മരങ്ങൾ മുറിയ്ക്കാനുള്ള നിയമമാണ്. അതുപോലെത്തന്നെ വയനാട് ജില്ലയിലെ ഗുരുതരമായ സാഹചര്യങ്ങളെ സംബന്ധിച്ച് ശ്രീ. എൻ. ഡി. അപ്പച്ചനും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ടുതന്നെയാണ് ഈ അസംബ്ളിയിൽ ഇത് നിർബന്ധമായും വരട്ടെയെന്ന് ഗവൺമെന്റ് ആഗ്രഹിച്ചത്. അതുകൊണ്ട് കഴിയുന്നിടത്തോളം നേരത്തെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി പാസ്സായി കഴിയുമ്പോൾ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. ശ്രീ. ടി. കെ. ദേവകുമാർ ഇതിന്റെ പേരിൽ പല പ്രദേശങ്ങളിലേയും മരങ്ങൾ മുറിക്കപ്പെടുമോയെന്ന ആശങ്ക പ്രകടിപ്പിച്ചു. അതൊന്നുമുണ്ടാകില്ല. ഇതിനെക്കുറിച്ച് എന്തെങ്കിലും സംശയങ്ങളോ പ്രയാസങ്ങളോ ഉണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം ഒരു കാരണവശാലും വനസമ്പത്ത് ഒന്നും നശിക്കരുത്, അത് കൃത്യമായി സൂക്ഷിയ്ക്കണം, വനം നശിക്കാൻ പാടില്ല എന്നുള്ളതാണ്. വീട്ടുവളപ്പിൽ നിൽക്കുന്ന തെങ്ങ്, കമുക്, റബ്ബർ, മാവ്, ആഞ്ഞിലി, പ്ളാവ് തുടങ്ങിയ മരങ്ങളൊക്കെ മുറിക്കാനുള്ള അനുവാദം മാത്രമാണ്.

മി. സ്പീക്കർ : ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. എസ്. സുപാൽ : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി.എസ്. സുപാൽ അവതരിപ്പിച്ച 1(എ) ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എൻ.ഡി. അപ്പച്ചൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എൻ. ഡി. അപ്പച്ചൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എൻ. ഡി. അപ്പച്ചൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി)ബിൽ മൂന്നുകുതിയും വനവും, മത്സ്യബന്ധനവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(2) 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഇന്നലത്തെപ്പോലെ പ്രസംഗിക്കാനൊന്നും പറ്റുകയില്ല. ഒന്നോ രണ്ടോ സെന്റൻസിൽ പറയണം.

ശ്രീ.എം. വി. ജയരാജൻ : സർ, മുന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇതിൽ പറയുന്നത്. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ അഞ്ചാം വകുപ്പിൽ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതു താല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കണമെന്നുള്ള വ്യവസ്ഥയാണ് പറഞ്ഞിരിക്കുന്നത്. ആ വ്യവസ്ഥ നമ്മുടെ നികുതി ചുമത്തുന്നതു സംബന്ധിച്ചുള്ള ഭരണഘടനാ വ്യവസ്ഥയുടെ ലംഘനമായിട്ട് മാറാനിടയുണ്ട്. ബഡ്ജറ്റ് സീക്രസിയുടെ സ്വഭാവംതന്നെ നഷ്ടപ്പെടാനിടയാകും. അതുകൊണ്ടു തന്നെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷന് എതിരായിട്ട് മാറാൻ ഇടയുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly